LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട് താലൂക്ക്-മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

17 (2327) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് താലൂക്കിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകളുടെ കീഴിൽ വിവിധ പ്രവൃത്തികൾക്ക് സാമ്പത്തിക, അനുമതി ലഭ്യമാക്കുന്നതിനായി ഈ വർഷം സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ ഫയൽ നമ്പർ സഹിതം വിശദാംശം ലഭ്യമാക്കുമോ ;

(ബി) കൈനകരി പഞ്ചായത്തിലെ പ്രിയദർശിനി ജെട്ടി, ആറുപങ്ക് ജെട്ടി, ആർ ബ്ലോക്ക് പാലാ ടിമ്പേഴ്സ് ജെട്ടി, നടുത്തുരുത്ത് ഗ്രാമീണ ജെട്ടി, പുത്തൻകായൽ ജെട്ടി എന്നിവ കോൺക്രീറ്റ് ചെയ്യുന്നതിന് മുൻഗണന നൽകുമോ ?

ഉത്തരം

(എ) മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ 23 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിയ്ക്കായി ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്. ഇതിൽ ഒരു പ്രവൃത്തിക്ക് സാമ്പത്തികാനുമതിയും, ഭരണാനുമതിയും 10,00,000 രൂപയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ നമ്പർ W1/F3/15666/12. മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇവയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

(ബി) മുൻഗണന നൽകാവുന്നതാണ്.

എൻ.ആർ.എച്ച്.എം. -ലെ നിയമനങ്ങൾ

18 (4037) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം.-ൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് ; വിവിധ തസ്തികകളുൾപ്പെടെയുള്ള വിശദ വിവരങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) നേരിട്ടുള്ള നിയമങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.ആർ.എച്ച്.എം.-ൽ (സ്റ്റേറ്റ് ഓഫീസിൽ) നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

സ്റ്റേറ്റ് ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1.	സ്റ്റേറ്റ് പ്രോഗ്രാം മാനേജർ (ആയുഷ്)	-	2
2.	സ്റ്റേറ്റ് അഡ്മിഷൻ & എച്ച്.ആർ. മാനേജർ	-	1
3.	ചീഫ് എഞ്ചിനീയർ	-	1
4.	സെക്ഷൻ അസിസ്റ്റന്റ്	-	2
5.	കംപ്യൂട്ടർ അസിസ്റ്റന്റ്	-	1

സ്റ്റേറ്റ് ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1.	ഹെഡ്, സോഷ്യൽ ഡവലപ്പ്മെന്റ്	-	1
2.	ഡയറക്ടർ ഓഫ് ഫിനാൻസ്	-	1
3.	ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ	-	1
4.	ഐ.റ്റി. പ്രോഗ്രാമർ	-	1
5.	കൺസൾട്ടന്റ് (എഞ്ചിനീയറിംഗ്)	-	2
6.	ജൂനിയർ കൺസൾട്ടന്റ്	-	1
7.	കൺസൾട്ടന്റ് (ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്)	-	1
8.	കൺസൾട്ടന്റ് (ട്രെയിനിംഗ്)	-	1
9.	ജൂനിയർ കൺസൾട്ടന്റ് (സ്കൂൾ ഹെൽത്ത്)	-	1
10.	ജൂനിയർ കൺസൾട്ടന്റ് (ഡോക്യുമെന്റേഷൻ)	-	2
11.	ജൂനിയർ കൺസൾട്ടന്റ് (പ്ലാൻ ക്യാമ്പെയിൻ)	-	1
12.	ജൂനിയർ കൺസൾട്ടന്റ് (ആർ.ബി.എസ്.കെ.)	-	1
13.	ജൂനിയർ കൺസൾട്ടന്റ് (ആർഷ്)	-	1

14. ജൂനിയർ കൺസൾട്ടന്റ് (എം.സി.റ്റി.എസ്.) - 1

15. ജൂനിയർ കൺസൾട്ടന്റ് (എം.ഐ.എസ്.) - 1

16. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് - 1

17. സൗണ്ട് എഞ്ചിനീയർ - 1

18. ക്ലാർക്ക് - 1

19. ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 7

ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സീനിയർ സി. എ. - 1

2. സെക്ഷൻ അസിസ്റ്റന്റ് - 1

3. ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 1

4. പ്യൂൺ - 5

5. ഡ്രൈവർ - 8

എൻ.ആർ.എച്ച്.എം. ജില്ലകളിൽ നടത്തിയ നിയമനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പരസ്യം നൽകി അപേക്ഷകൾ ക്ഷണിച്ച് എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തി, റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്ന് റാങ്ക് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ഹോമിയോ മെഡിക്കൽ ഓഫീസർമാരെ എച്ച്.എം.സി. വഴി നിയമിച്ചിട്ടുണ്ട്.

(സി) മുകളിൽ പറഞ്ഞിരിക്കുന്ന തരത്തിലല്ലാതെ നിയമനങ്ങൾ നടന്നിട്ടില്ല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly